"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം കോർപ്പറേഷൻ - ജീവനക്കാരെ കുറ്റവിചാരണ ചെയ്യുന്നതിന് അനുമതി നല്കണമെന്ന അഡ്വ.ജെ. അശോകന്റെ ആവശ്യം നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2272/2023/LSGD തീയതി,തിരുവനന്തപുരം, 18-11-2023

---

പരാമർശം:-

1. കുറ്റവിചാരണ ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള അഡ്വ.ജെ. അശോകന്റെ 03.07.2023 തീയതിയിലെ ADV/JA/135/2023 നം. കത്ത്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.10.2023 തീയതിയിലെ LSGD/PD/52716/2023-VIGA4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം കോർപറേഷനിൽ സേവനമനുഷ്ഠിക്കുന്ന മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി ശ്രീ.പി.കെ. സജീവ്, റവന്യൂ ഓഫീസർ ശ്രീമതി.ഇന്ദു ജെ.ആർ, സൂപ്രണ്ട് ശ്രീ.ആർ.എസ്. കൃഷ്ണകുമാർ, റവന്യൂ ഇൻസ്പെക്ടർ ശ്രീ.അജിത്കുമാർ വി എന്നിവരെ കുറ്റവിചാരണ നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടാണ് അഡ്വ.ജെ. അശോകൻ പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. കൊല്ലം കോർപ്പറേഷനിലെ ആശ്രാമം വാർഡിലെ 14/1707 നമ്പരായുള്ള പ്രതിഭാ ഭവൻ എന്ന കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം പരേതനായ ശ്രീ.രഘുനാഥൻ എന്നയാളിൽ നിന്നും മകളായ പ്രശാന്തയുടെ പേർക്ക് അനധികൃതമായി മാറ്റി നൽകി എന്നതായിരുന്നു അപേക്ഷയിലെ അരോപണം. ടി വിഷയത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ ആശ്രാമം ഡിവിഷനിൽപ്പെട്ട 5/321, 5/322, 5/66 എന്നീ പഴയ നമ്പരുകൾ ഉള്ളതുമായ കെട്ടിടങ്ങൾ (പുതിയ നമ്പരുകൾ യഥാക്രമം 14/1707/A UA, 14/1706, 14/1707) ശ്രീ.രഘുനാഥന്റെ പേരിലുള്ളതായിരുന്നു. 12.07.2017 ൽ ടിയാൻ മരണപ്പെട്ടപ്പോൾ അദ്ദേഹം തയ്യാറാക്കിയ വിൽപത്ര പ്രകാരം ശ്രീ. രഘുനാഥൻ, കൊല്ലം ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് നമ്പർ 60 റീ സർവ്വേ നമ്പർ 26 ൽ പ്പെട്ട 11.64 ആർ വസ്തു വകകളുടെ അനുഭവം, കൈവശം, കരം ഒടുക്ക് എന്നീ മുഴുവൻ അവകാശങ്ങളും മകളായ ശ്രീമതി.ആർ.പ്രശാന്തയുടെ പേർക്ക് മാറുകയുണ്ടായി. ടി വസ്തുവിൽ ഉൾപ്പെട്ട 5/322 നമ്പർ(14/1406) കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ശ്രീമതി.പ്രശാന്ത 04.01.2018 ൽ നഗരസഭയിൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 09.02.2018 തീയതിയിൽ ടിയാളുടെ പേരിലേക്ക് മാറ്റി നൽകിയിരുന്നു. തുടർന്ന് ടി വസ്തുവകകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ശ്രീമതി പ്രശാന്തയുടെ സഹോദരനും നോട്ടീസിലെ ഒന്നാം കക്ഷിക്കാരനുമായ ശ്രീ. ആർ.പ്രദീപ്കുമാർ ആക്ഷേപങ്ങൾ ഉന്നയിച്ചിരുന്നു. എങ്കിലും ടിയാന്റെ അവകാശ വാദങ്ങൾ നിരസിച്ചുകൊണ്ടുള്ള കൊല്ലം ജില്ലാ കളക്ടറുടെ 01.10.2022 ലെ DCKLM/8250/2020-

24 ഉത്തരവിന്റെ പകർപ്പ് സഹിതം 5/66 നമ്പർ (പുതിയ നമ്പർ 14/1707) കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ശ്രീമതി പ്രശാന്തയുടെ പേരിലേക്ക് മാറ്റുന്നതിന് ടിയാരി കോർപ്പറേഷനിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഹാജരാക്കിയ രേഖകളുടെ അടിസ്ഥാനത്തിലും അന്വേഷണം നടത്തിയത് പ്രകാരവും മുനിസിപ്പൽ നിയമങ്ങൾക്ക് വിധേയമായി 06.03.2023 ൽ R2/614/18 നമ്പർ ഉത്തരവ് പ്രകാരം ടി കെട്ടിടത്തിന്റെ ഉടമസ്ഥാവകാശവും ശ്രീമതി പ്രശാന്തയുടെ പേരിലേക്ക് മാറ്റി നൽകിയിട്ടുള്ളതാണ്.

3. എന്നാൽ 5/321 നമ്പർ കെട്ടിടം പൊളിച്ചുമാറ്റി അനധികൃതമായി പുതിയ കെട്ടിടം നിർമ്മിച്ചിട്ടുള്ളതും ക്രമവൽക്കരണം നടത്താതെ അനധികൃതമായി ഉപയോഗിച്ചു വരുന്നതുമായി കണ്ടെത്തിയ സാഹചര്യത്തിൽ 5/321 എന്ന പഴയ നമ്പർ കെട്ടിടത്തിന്റെ നമ്പർ റദ്ദ് ചെയ്തും ടി കെട്ടിടത്തിന് യു എ നമ്പരായ 14/1707/A/UA എന്ന നമ്പർ നൽകി ശ്രീമതി.പ്രശാന്തയുടെ പേരിൽ നികുതി കണക്കാക്കി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം.23-ൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ മാറ്റം വരുത്തുന്നതിനുള്ള അപേക്ഷയും അതിന്മേൽ സെക്രട്ടറി സ്വീകരിക്കേണ്ട നടപടിക്രമങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. ആയത് പ്രകാരം കെട്ടിടം ഉൾപ്പെടുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന റവന്യൂരേഖകൾ പരിശോധിച്ച് അല്ലെങ്കിൽ തൃപ്തികരമായ തെളിവുകളുടെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് രജിസ്റ്ററിൽ മാറ്റം വരുത്തി കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റാവുന്നതാണ്. പരാതിക്കാസ്പദമായ കെട്ടിടങ്ങൾ ഉൾപ്പെടുന്ന വസ്തു ശ്രീമതി പ്രശാന്തയുടെ പേർക്ക് പോക്കുവരവ് ചെയ്തതിനെതിരെ നോട്ടീസിലെ ഒന്നാം കക്ഷിക്കാരനായ ശ്രീ.പ്രദീപ് കുമാർ സമർപ്പിച്ച റിവിഷൻ അപേക്ഷ നിരസിച്ചുകൊണ്ട് കൊല്ലം ജില്ലാ കളക്ടർ 06.10.2022 -ൽ DCKLM/8250/2020-L4 എന്ന നമ്പരിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. അപേക്ഷയോടൊപ്പം ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചും കൊല്ലം ഈസ്റ്റ് വില്ലേജിലെ ബ്ലോക്ക് 60, റീ.സർവ്വേ 26 ലുള്ള 11.64 ആർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ശ്രീമതി പ്രശാന്തയുടെ പേർക്കാണ് എന്ന് ഉറപ്പുവരുത്തിയുമാണ് നോട്ടീസിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റി നൽകിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റി നൽകിയ നടപടിയിൽ സെക്രട്ടറിക്കോ മറ്റ് ഉദ്യോഗസ്ഥർക്കോ വീഴ്ച സംഭവിച്ചിട്ടില്ലെന്നും അഡ്വ.അശോകൻ നൽകിയ അപേക്ഷ പരിഗണനാർഹമല്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം കോർപ്പറേഷനിലെ ആശ്രാമം വാർഡിലെ 14/1707 നമ്പരായുള്ള പ്രതിഭാ ഭവൻ എന്ന കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം പരേതനായ ശ്രീ.രഘുനാഥൻ എന്നയാളിൽ നിന്നും മകളായ ശ്രീമതി.പ്രശാന്തയുടെ പേർക്ക് മാറ്റി നൽകിയ നടപടിയിൽ നഗരസഭ സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥരോ വീഴ്ച വരുത്തിയതായി കണ്ടെത്താൻ സാധിക്കാത്തതിനാൽ ടി ഉദ്യോഗസ്ഥരെ കുറ്റവിചാരണ ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം അഡ്വ.ജെ. അശോകൻ സമർപ്പിച്ച അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

Adv J .Asokan, 43/942,PRRA-68,'Uthram Chammanikodath Road, Plalarivattom PO,

Ernakulam PIN 682025

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം. (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/199/2023-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 18-11-2023 13:50:52

സെക്ഷൻ ഓഫീസർ